പ്രേഷിതൻ:-

അബ്ബുൽ ജബ്ബാർ.എം
നട്ടൊരുമ പൗരവകാശ സമിതി(കേരള)
എക്സിക്യൂട്ടീവ് അംഗം.
(രജിസ്റ്റർ നമ്പർ. MPM/CA/341/2021)
Email. jabbarsm31@gmail.com

സ്വീകർത്താവ്:-

പൊതു ബോധന അധികാരി.
പരുത്തിപ്പള്ളി ഗവൺമെന്റ് എൽ.പി.എസ്.
കുറ്റിച്ചൽ.പി.ഒ
തിരുവനന്തപുരം 695574

വിഷയം:-

വിവരാവകാശ നിയമം വകുപ്പ് 6(1)6(3)പ്രകാരം താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന:-

1) സർക്കുലർ നമ്പർ. 89792/ഡി പി ഐ/24/12/2016

2) ബഹു:ഹൈ കോടതിയുടെ 05/04/2000-ലെ ഉത്തരവ്

അപേക്ഷ ഫീസ് ₹-10/-(രൂപ പത്ത്)കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിട്ടുണ്ട്.

ആവശ്യപ്പെടുന്ന വിവരങ്ങൾ സർക്കുലർ നമ്പർ.13(2)/ഉ.ഭ.പ.വ/16/04/2023-പ്രകാരം അപേക്ഷകന്റെ ഇ-മെയിൽ വിലാസത്തിൽ മാത്രം നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

1) ടി സൂചന ഒന്ന് പ്രകാരമുള്ള സർക്കുലറും, സൂചന രണ്ട് പ്രകാരമുള്ള ബഹു:കേരള ഹൈകോടതിയുടെ ഉത്തരവും പാലിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള ഫയലിലെ കുറിപ്പ് ഫയലിന്റെ പകർപ്പ് വിവരാവകാശ നിയമ പ്രകാരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുക.

2) സ്കൂളും, പരിസരവും സ്കൂളിന്റെ ആവശ്യങ്ങൾക്ക് അല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് വിട്ട് നൽകുന്നതിന് കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2020-21 അധ്യയന വർഷം മുതൽ 2024-25 അധ്യയന വർഷം വരെ നൽകിയ കത്തുകളുടെ പകർപ്പ് വിവരാവകാശ നിയമ പ്രകാരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുക.

4) കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അത്തരത്തിൽ കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയത് കോടതി അലക്ഷ്യമാണെന്നും, സ്കൂളും പരിസരവും സ്കൂളിന്റെ ആവശ്യങ്ങൾക്കല്ലാതെ മറ്റൊരു ആവശ്യത്തിനും നൽകാൻ പാടില്ലെന്ന് ബോധ്യപ്പെടുത്തി സെക്രട്ടറിക്ക് താങ്കൾ നൽകിയ കത്തിന്റെ പകർപ്പ് വിവരാവകാശ നിയമ പ്രകാരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുക.

5) വിദ്യാഭ്യാസ വകുപ്പിന്റെയും, ബഹു:ഹൈകോടതിയുടെയും ഉത്തരവുകൾ ലംഘിച്ച് സ്കൂളും,പരിസരവും മറ്റ് ആവശ്യങ്ങൾക്ക് നൽകുന്നതിന് കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി താങ്കൾക്ക് കത്ത് നൽകിയിട്ടുള്ള വിവരം താങ്കളുടെ മേലാധികാരികളെ അറിയിച്ചു നൽകിയ കത്തിന്റെ പകർപ്പ് വിവരാവകാശ നിയമ പ്രകാരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുക.

6) സ്കൂളും. പരിസരവും സ്കൂളിന്റെ ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് നൽകാമെന്ന് താങ്കളുടെ മേലാധികാരികൾ താങ്കൾക്ക് നിർദേശം/ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് വിവരാവകാശ നിയമ പ്രകാരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുക.

7) പൊതു ബോധന അധികാരിയുടെ ഔദ്യോഗിക മേൽവിലാസവും ഇ-മെയിൽ വിലാസവും.ഫോൺ നമ്പറും ലഭ്യമാക്കുക.

8) ഒന്നാം അപ്പീൽ അധികാരിയുടെയും. രണ്ടാം അപ്പീൽ അധികാരിയുടെയും പിൻകോഡ് സഹിതമുള്ള മേൽവിലാസവും ഫോൺ നമ്പറും ലഭ്യമാക്കുക.

9) വിവരാവകാശ നിയമ പ്രകാരമുള്ള ബോർഡ് താങ്കളുടെ കാര്യാലയത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആവിവരം ലഭ്യമാക്കുക.

9(a) വിവരാവകാശ നിയമ പ്രകാരമുള്ള ബോർഡ് താങ്കളുടെ കാര്യാലയത്തിൽ സ്ഥാപിച്ചിട്ടില്ലെങ്കിൽ ആയതുനുള്ള കാരണം ലഭ്യമാക്കുക.

10) കോടതി അലക്ഷ്യം നടത്തി സ്കൂളും പരിസരവും മറ്റ് ആവശ്യങ്ങൾക്ക് നൽകിയ താങ്കളുടെ കാര്യാലയത്തിലെ ഉദ്യോഗഗസ്ഥന്റെ പേര്, പെൻ,ഔദ്യോഗിക പദവി, പിൻകോഡ് സഹിതമുള്ള ഔദ്യോഗിക മേൽവിലാസം ലഭ്യമാക്കുക.

ഈ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ അനുവദിച്ചുതരാതെ നിഷേധിക്കുയോ, ലഭ്യമല്ലന്നോ, ബാധകമല്ലന്നോ, കാണാനില്ലന്നോ, ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലന്നോ, വിശദീകരണം നൽകുകയോ, ഒരു വിവരവും നൽകാതിരിക്കുകയോ, മുകളിലെ മറുപടി ശ്രദ്ധിച്ചാലും എന്നോ, വിവരാവകാശത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നോ, എന്നുള്ള മറുപടി നൽകുകയോ ചെയ്യുന്ന പക്ഷം ആയത് തെളിയിക്കുന്നതിനുള്ള നിയമത്തിലെ വകുപ്പുകൾ കൂടി ഉൾപ്പെടുത്തി വിവരം നൽകണമെന്നും, ആവശ്യപ്പെടുന്ന എല്ലാ ചോദ്യങ്ങൾക്കുമുള്ള വിവരങ്ങളും,രേഖകളും പൂർണ്ണമായും, വ്യക്തമായും, സുതാര്യമായും, മിനിമം റീഡബിൾ വലിപ്പത്തിലും സ്റ്റാൻഡേർഡ് വലിപ്പത്തിൽ 10-12 പോയിന്റ് തെളിവാർന്ന രൂപത്തിലും, ഗുണമേന്മയുള്ള പേപ്പറിലും നൽകണമെന്നും, ആവശ്യപ്പെട്ട വിവരങ്ങൾ മറ്റൊരു അധികരസ്ഥാനത്തിന്റെ പരിധിയിലാണെങ്കിൽ ആ വിവരം ലഭ്യമാക്കുന്നതിന് വകുപ്പ് 6(3) പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ കൈ മാറുകയും കൈ മാറിയ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

നിയമത്തിലെ വകുപ്പ് 7(1) പ്രകാരവും, സർക്കുലർ നമ്പർ.5826/സി.ഡി. എൻ-5/2008/പൊ.ഭ.വ/14/08/2008- പ്രകാരവും സമയ ക്ലിപ്ത പാലിച്ച് അഞ്ചു ദിവസത്തിനുള്ളിലും, പലയിടങ്ങളിൽ തിരച്ചിൽ നടത്തേണ്ടതുണ്ടെങ്കിലും, തുക അടവാക്കാനുണ്ടെങ്കിലും ആയത് ഉൾപ്പെടെ പരമാവധി മുപ്പത് ദിവസത്തിനുള്ളിൽ വിവരങ്ങൾ അനുവദിച്ചുതരേണ്ടതും, വകുപ്പ് 7(3)പ്രകാരം രേഖകൾക്കുള്ള തുക അടവാക്കാനുണ്ടെങ്കിൽ ആയതിനു ഉബോൽബലകമായ കണക്കുകൾ വ്യക്തമാക്കി തുക അടവാക്കാനുള്ള വിവരാവകാശ നിയമത്തിൽ പരാമർശിക്കുന്ന ശീർഷകവും, അടവാക്കേണ്ട രീതിയും വ്യക്തമാക്കി അറിയിക്കേണ്ടതും, നമ്പർ:69503/CDN-5/2015/GAD/30/03/2016, 43/2019/FIN/07/05/2019 സർക്കുലർ പാലിച്ചു ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പൊതു ബോധന അധികാരിയാൽ വിവരം നൽകണമെന്നും ഓർമ്മിപ്പിക്കുന്നു.

പേഴുംമൂട്

15/03/2025

അബ്ദുൽ ജബ്ബാർ.എം